# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4440 — 17.12.2014 - ൽ മറുപടിയ്ക്ക്

## നദീസംയോജന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. കെ. അജിത്** | | **ശ്രീ. പി. ജെ. ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) കേന്ദ്രസർക്കാരിന്റെ നദീസംയോജന പദ്ധതിയിൽ ഉൾപ്പെടുന്ന കേരളത്തിലെ നദികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്ര സർക്കാരിന്റെ നദീസംയോജന പദ്ധതിയിൽ കേരളത്തിലെ പമ്പ, അച്ചൻ കോവിൽ എന്നീ നദികളെയാണ് ഉൾപ്പെടുത്തിയിരുന്നത്. |
| (ബി) നദീസംയോജനത്തിനായി പഠനം നടത്തിയ ഏജൻസി ഏതെന്നും പ്രസ്തുത പദ്ധതിയിൽ കേരളത്തിലെ നദികൾ ഉൾപ്പെടാനുണ്ടായ സാഹചര്യം എന്തെന്നും വ്യക്തമാക്കുമോ;<br><br>(സി) പദ്ധതിയിൽ പരാമർശിക്കപ്പെട്ട നദികളിൽ അധികജലമുണ്ടെന്ന റിപ്പോർട്ട് വരാനുണ്ടായ സാഹചര്യം എന്തെന്ന വ്യക്തമാക്കുമോ; ഇത് തിരുത്താൻ നടപടിയെടുത്തിട്ടുണ്ടോ; | (ബി) യും (സി) യും | കേന്ദ്ര സർക്കാരിന്റെ നദീസംയോജന പദ്ധതിയുമായി ബന്ധപ്പെട്ട്, കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള ദേശീയ ജലവികസന ഏജൻസി (NWDA) യാണ് പഠനം നടത്തി സാദ്ധ്യതാ റിപ്പോർട്ട് (Feasibility report) തയ്യാറാക്കിയിട്ടുള്ളത്. കേന്ദ്രജലവിഭവ വകുപ്പും കേന്ദ്ര ജലകമ്മീഷനും സംയുക്തമായി ആവിഷ്കരിച്ച് വിഭാവനം ചെയ്യപ്പെട്ട 16 (പതിനാറ്) പെനിൻസുലാർ ലിങ്ക് പദ്ധതികളിൽ പതിനാറാമത്തേതായിട്ടാണ് "പമ്പ - അച്ചൻകോവിൽ - വൈപ്പാർ ലിങ്ക്" പദ്ധതിയെ ഉൾപ്പെടുത്തിയിരുന്നത്. കേരളത്തിലെ നദികളായ പമ്പയിലും അച്ചൻകോവിലിലും അധിക ജലമുണ്ടെന്നുള്ള ഒരു മുൻ ധാരണയിലാണ് ദേശീയ |

ജലവികസന ഏജൻസി പമ്പ - അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതിക്കുള്ള സാദ്ധ്യതാ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ദേശീയ ജലവികസന ഏജൻസിയുടെ പഠനങ്ങളിൽ കുട്ടനാട് പ്രദേശത്തെ എക്കോസിസ്റ്റം; ഓരുജലനിർമ്മാർജ്ജനം, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്ക് ആവശ്യമായ ജലത്തിന്റെ അളവ് അടിസ്ഥാനമാക്കിയതായിക്കാണുന്നില്ല. പമ്പ, അച്ചൻകോവിൽ എന്നീ നദികളിലെ ജലലഭ്യത സംബന്ധിച്ച് ദേശീയ ജലവികസന ഏജൻസി (NWDA) നടത്തിയ പ്രാഥമിക പഠനങ്ങളിലെ പോരായ്മകൾ ചൂണ്ടിക്കാട്ടി അഭിപ്രായം അറിയിച്ചിരുന്നുവെങ്കിലും ആയത് പരിഗണിക്കാതെ തന്നെ സാദ്ധ്യതാ റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. എന്നാൽ സംസ്ഥാന സർക്കാരിന്റെ നിർദ്ദേശ പ്രകാരം കോഴിക്കോടുള്ള CWRDM ലഭ്യമാക്കിയ പഠന റിപ്പോർട്ടു പ്രകാരം മുകളിൽ സൂചിപ്പിച്ച രണ്ടു നദികളിലും അധികജലം ഇല്ലായെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഈ നദികളിൽ 2050 - ാം വർഷത്തോടെ രൂക്ഷമായ ജലക്ഷാമം (പ്രത്യേകിച്ചും പമ്പാ നദിയിൽ) അനുഭവപ്പെടുമെന്നും പ്രസ്തുത റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ അധികജലം ഇല്ലായെന്നുള്ള കേരളത്തിന്റെ വാദങ്ങളെ പരിഗണിക്കാതെ പമ്പ - അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതിയ്ക്കുള്ള സാദ്ധ്യതാ റിപ്പോർട്ട് അംഗീകരിക്കുന്നതിനായുള്ള നടപടിയെ കേരളം എല്ലാക്കാലത്തും എതിർത്തിരുന്നു.

(ഡി) ഇതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടം വരെയെത്തിയെന്നു വ്യക്തമാക്കുമോ?

(ഡി) പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ അധികജലം ഇല്ലായെന്നും പമ്പ - അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് പതിനൊന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ

പ്രമേയം പാസ്സാക്കിയിരുന്നു. ഈ വിവരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുമുണ്ടായി. കേരളത്തിന് ഗുണകരമല്ലാത്ത പ്രസ്തുത പദ്ധതിയ്ക്കെതിരെ സാദ്ധ്യമായ എല്ലാ വേദികളിലും കേരളം ഇതിനകം എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. കേരളവും തമിഴ്നാടും തമ്മിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പൊതുധാരണയിൽ എത്തിയാൽ മാത്രമെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയൂവെന്ന് ദേശീയ ജലവികസന ഏജൻസിയുടെ യോഗങ്ങളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന് ദോഷകരമായ പമ്പ - അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കുവാനുള്ള ഏതൊരു ശ്രമത്തേയും തടയണമെന്നുള്ള ഉറച്ച നിലപാടാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര ജലവിഭവ വകുപ്പ് മന്ത്രി; നദീസംയോജന പദ്ധതികൾ സംബന്ധിച്ച കാര്യങ്ങൾ കൂടി ചർച്ച ചെയ്യുന്നതിനായി വിളിച്ചു ചേർത്ത 21.11.2014-ലെ യോഗത്തിൽ സംസ്ഥാന ജലവിഭവ വകുപ്പ് മന്ത്രി പങ്കെടുക്കുകയും പമ്പ - അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതിന് കേരളത്തിനുള്ള എതിർപ്പ് കാര്യകാരണ സഹിതം പ്രസ്തുത യോഗത്തിൽ വിശദീകരിക്കുകയുമുണ്ടായി. ആവശ്യമായ മുൻ കരുതലോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള കേരളത്തിന്റെ എതിർപ്പ് തുടർന്നും സാദ്ധ്യമായ എല്ലാ വേദികളിലും പ്രകടിപ്പിക്കാനാണുദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ